# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1820** **16-02-2016-ൽ മറുപടിയ്ക്ക്**

## നിക്ഷ്മതി കുടിശ്ശിക

| | ചോദ്യം<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള ഓരോ വർഷത്തെയും നികുതി കുടിശ്ശിക എത്ര വീതമെന്ന് വ്യക്തമാക്കാമോ; | (എ) | സാമ്പത്തിക വർഷം / നികുതി കുടിശ്ശിക (തുക കോടി രൂപയിൽ)<br>2011-12 — 12668.66<br>2012-13 — 13079.56<br>2013-14 — 13360.31<br>2014-15 — 7885.90 |
| (ബി) | നിലവിൽ നികുതി കുടിശ്ശിക ഉണ്ടോ; എങ്കിൽ എത്ര തുക; വ്യക്തമാക്കാമോ; | (ബി) | 1) രജിസ്ട്രേഷൻ വകുപ്പിൽ 2015-16 സാമ്പത്തിക വർഷം ജനുവരി വരെയുള്ള കാലയളവിൽ 35.96 കോടി രൂപ പിരിച്ചെടുക്കാനുണ്ട്.<br>2) 30-06-2015-ലെ ഡി.സി.ബി. പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ കുടിശ്ശിക 1289.25 കോടി രൂപയാണ്. ഇതിൽ 1050.09 കോടി രൂപ കെ.എസ്.ആർ.ടി.സി യുടെ കുടിശ്ശികയാണ്.<br>3) ലാന്റ് റവന്യൂ ഇനത്തിൽ പിരിക്കാവുന്ന മുതലിൽ കുടിശ്ശികയായി 43.26 കോടി രൂപയും വിവിധ സ്റ്റേ ഇനങ്ങളിൽപ്പെട്ട് 109.07 കോടി രൂപയും ഉൾപ്പെടെ ആകെ 152.33 കോടി രൂപ 2015 ഡിസംബർ മാസംവരെ കുടിശ്ശികയായുണ്ട്.<br>4) വാണിജ്യ നികുതി വകുപ്പിൽ 31-12-2015-ലെ കണക്കനുസരിച്ച് 6552.44 കോടി രൂപ കുടിശ്ശികയായുണ്ടായിരുന്നു. ഇതിൽ 95.97 കോടി രൂപ പിരിഞ്ഞുകിട്ടി. ബാക്കി 6456.47 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. |

| | | | |
|---|---|---|---|
| | | | 5) എക്സൈസ് വകുപ്പിൽ 680 കുടിശ്ശിക കേസ്സുകളിലായി 31-12-2015 വരെ 231.82 കോടി രൂപ അബ്കാരി കുടിശ്ശികയായി നിലനിൽക്കുന്നു. |
| **(സി)** | ഇത്തരത്തിൽ നികുതി കുടിശ്ശികയ്ക്ക് ഇടയായ കാരണങ്ങൾ ഏതെല്ലാം; അവ ഓരോന്നുംമൂലം കുടിശ്ശികയായ തുക എത്ര വീതം; വ്യക്തമാക്കാമോ; | **(സി)** | 1) ആധാരത്തിൽ ശരിയായ മൂല്യം കാണിക്കാത്തതുകൊണ്ട് രജിസ്ട്രേഷൻ വകുപ്പിൽ നികുതി കുടിശ്ശികയുണ്ടാകുന്നു. ഇപ്രകാരം 2015-16 ജനുവരിവരെ 35.96 കോടി രൂപ പിരിച്ചെടുക്കാനുണ്ട്.<br><br>2) മോട്ടോർ വാഹന വകുപ്പിൽ ടാക്സ് അടയ്ക്കാത്തതും ഡി.സി.ബി.യിൽ ഉൾപ്പെട്ടിരിക്കുന്നതുമായ വാഹനങ്ങളുടെ നികുതികൂടി കൂട്ടിയാണ് കുടിശ്ശിക കണക്കാക്കുന്നത്. ഇത്തരത്തിലുള്ള പല വാഹനങ്ങളും നിരത്തിൽ ഉപയോഗിക്കാത്തവയാണ്. ഇവയെ കമ്പ്യൂട്ടറൈസേഷൻ സമയത്ത് തെറ്റായി ബാക്ക് ലോഗ് ചെയ്തതുകാരണം ഡിമാന്റിൽനിന്നും പൂർണമായും ഒഴിവാക്കിയിട്ടില്ല. ഇത്തരം വാഹനങ്ങളുടെ നികുതി കൂടി വരുന്നതിനാലാണ് വർദ്ധന കൂടുതലായി ഉണ്ടാകുന്നത്. വിവിധ കാരണങ്ങൾമൂലം കുടിശ്ശികയായ തുക ഇനംതിരിച്ച് കണക്കാക്കിയിട്ടില്ല.<br><br>3) ലാന്റ് റവന്യൂ ഇനങ്ങളിൽ കോടതി, ഗവൺമെന്റ്, അപ്പലേറ്റ് അതോറിറ്റികൾ എന്നിവമൂലം പിരിച്ചെടുക്കാനുള്ള തുക യഥാക്രമം 55.72 കോടി രൂപ, 33.99 കോടി രൂപ, 19.36 കോടി രൂപ എന്നിങ്ങനെയാണ്. ഇത്തരത്തിൽ ആകെ 109.07 കോടി രൂപ പിരിച്ചെടുക്കാനുണ്ട്.<br><br>4) വാണിജ്യ നികുതി വകുപ്പിൽ നികുതി കുടിശ്ശികയ്ക്കിടയാക്കിയ കാരണങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>കോടതി സ്റ്റേ - 2414.54 കോടി രൂപ<br><br>സർക്കാർ സ്റ്റേ - 135.81 കോടി രൂപ<br><br>മറ്റ് സ്റ്റേകൾ - 705.42 കോടി രൂപ |

| | | | |
|---|---|---|---|
| | | | എഴുതി തള്ളാവുന്ന തുക – 99.50 കോടി<br>മറ്റ് സംസ്ഥാനങ്ങളിലെ കച്ചവടക്കാർ അടയ്ക്കാത്തത് - 432.21 കോടി രൂപ<br>മറ്റ് നടപടികൾ - 1410.13 കോടി രൂപ<br>പിരിച്ചെടുക്കാവുന്ന തുക - 1258.86 കോടി രൂപ<br>ആകെ - 6456.47 കോടി രൂപ<br>5) 1952 മുതൽ 2002 വരെയുള്ള കാലഘട്ടത്തിൽ അബ്കാരി ലൈസൻസികൾ കിസ്റ്റ് ഇനത്തിലുള്ള തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതു കാരണമാണ് കുടിശ്ശികയുണ്ടായത്. 680 കുടിശ്ശിക കേസ്സുകളിലായി 31-12-2015 വരെ മുതലും പലിശയും ഉൾപ്പെടെ 231.82 കോടി രൂപ കുടിശ്ശികയായി നിലനിൽക്കുന്നു. |
| (ഡി) | 2015-16 വർഷത്തെ നികുതി കുടിശ്ശിക എത്ര; ഇതിൽ എത്ര തുക ഇതുവരെ പിരിച്ചെടുത്തു; വ്യക്തമാക്കാമോ; | (ഡി) | 1) രജിസ്ട്രേഷൻ വകുപ്പിലെ കുടിശ്ശിക സംബന്ധിച്ച കണക്ക് വർഷം തിരിച്ച് തയ്യാറാക്കിവരുന്നില്ല. 2016 ജനുവരിമാസം ജില്ലാ രജിസ്ട്രാർമാർ 218.70 കോടി രൂപയ്ക്ക് അന്തിമ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 182.74 കോടി രൂപ തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള 35.96 കോടി രൂപ പിരിച്ചെടുക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു.<br>2) മോട്ടോർ വാഹന വകുപ്പിൽ 30-6-2015 ലെ ഡി.സി.ബി. പ്രകാരം ആകെ 1289.25 കോടി രൂപ കുടിശ്ശികയായുണ്ട്. ഇതിൽ 96.65 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.<br>3) ലാന്റ് റവന്യൂ ഇനത്തിൽ പിരിക്കാവുന്ന മുതലിൽ കുടിശ്ശികയായി 43.26 കോടി രൂപയും വിവിധ സ്റ്റേ ഇനങ്ങളിലായി 109.07 കോടി രൂപയും ഉൾപ്പെടെ ആകെ 152.33 കോടി രൂപ 2015 ഡിസംബർമാസംവരെ കുടിശ്ശികയായുണ്ട്. ഇതിൽ പിരിക്കാവുന്ന മുതലിൽ പിരിവ് വന്നത് ആകെ 221.85 കോടി രൂപയാണ്.<br>4) വാണിജ്യ നികുതി വകുപ്പിൽ 31-12-2015 വരെയുള്ള നികുതി കുടിശ്ശിക 6552.44 കോടി രൂപയാണ് ഇതിൽ 95.97 കോടി രൂപ 31-12-2015 വരെ പിരിച്ചെടുത്തു. |

| | | | |
|---|---|---|---|
| (ഇ) | പിരിഞ്ഞ് കിട്ടാനുള്ള കുടിശ്ശിക എത്ര; ഇത് ഏതെല്ലാം വകുപ്പുകളിൽനിന്ന്; വ്യക്തമാക്കാമോ ? | (ഇ) | വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>മോട്ടോർ വാഹന വകുപ്പ്</u>**<br><br>30.06.2015 ലെ ഡി.സി.ബി പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ കുടിശ്ശിക 1289.25 കോടി രൂപയാണ്. ഇതിൽ 1050.09 കോടി രൂപ കെ.എസ്.ആർ.ടി.സിയുടെ വാഹനങ്ങളുടെ കുടിശ്ശികയാണ്.<br><br>**<u>ലാന്റ് റവന്യൂ വകുപ്പ്</u>**<br><br>2015 ഡിസംബർ മാസം വരെയുള്ള കണക്കനുസരിച്ച് ലാന്റ് റവന്യൂ വകുപ്പിന്റെ കുടിശ്ശിക 152.33 കോടി രൂപയാണ്. ഇതിൽ പിരിക്കാവുന്ന മുതലിൽ കുടിശ്ശികയായ തുക 43.26 കോടി രൂപയും വിവിധ സ്റ്റേ ഇനങ്ങളിൽപ്പെട്ട് കുടിശ്ശികയായ തുക 109.07 കോടി രൂപയുമാണ്.<br><br>**<u>രജിസ്ട്രേഷൻ വകുപ്പ്</u>**<br><br>**2015-16** സാമ്പത്തിക വർഷം ജനുവരി വരെയുള്ള കാലയളവിൽനിന്ന് അണ്ടർ വാല്യുവേഷൻ ഇനത്തിൽ 35.96 കോടി രൂപ പിരിച്ചെടുക്കാനുണ്ട്.<br><br>**<u>എക്സൈസ് വകുപ്പ്</u>**<br><br>അബ്കാരി കുടിശ്ശികയുമായി ബന്ധപ്പെട്ട് മുതലും പലിശയുമടക്കം നിലവിൽ 231.82 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.<br><br>**<u>വാണിജ്യ നികുതി വകുപ്പ്</u>**<br><br>നികുതി കുടിശ്ശിക യിനത്തിൽ 6456.47 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. |

Jeyanth

സെക്ഷൻ ഓഫീസർ.